# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3059

20.12.2012 - ൽ മറുപടിക്ക്

## പാമോയിൽ ഇറക്കുമതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br>കൃഷി/മൃഗസംരക്ഷണം, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) കേന്ദ്ര സർക്കാർ തീരുവ ഇല്ലാതെ പാമോയിൽ ഇറക്കുമതി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേന്ദ്ര സർക്കാർ തീരുവ ഇല്ലാതെ അസംസ്കൃത (ക്രൂഡ്) പാം ഓയിൽ ഇറക്കുമതി അനുവദിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച പാം ഓയിലിന് 7.5 ശതമാനമാണ് തീരുവ. |
| (ബി) മുൻവർഷങ്ങളിലേതിനേക്കാൾ ഇരട്ടിയിലധികം പാമോയിൽ ഇറക്കുമതി ഈ വർഷം നടത്തിയിട്ടുള്ളതായി അറിയുമോ; ആസിയാൻ കരാറിന്റെ ഭാഗമായി തൽപ്പരകക്ഷികൾ സൃഷ്ടിക്കുന്ന സമ്മർദ്ദമാണിതിന് കാരണമായിട്ടുള്ളതെന്നറിയുമോ; | (ബി) കഴിഞ്ഞ മൂന്നു വർഷത്തെ പാം ഓയിൽ അടക്കമുള്ള ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി കണക്കുകൾ പട്ടികയിൽ കണ്ടാലും<br>2010 - 66 ലക്ഷം മെട്രിക് ടൺ<br>2011 - 73 ലക്ഷം മെട്രിക് ടൺ<br>2012 - 77 ലക്ഷം മെട്രിക് ടൺ<br>ഭക്ഷ്യഎണ്ണയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാലാണ് കേന്ദ്രം പാം ഓയിലടക്കമുള്ള ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി അനുവദിച്ചിരിക്കുന്നത്. എന്നാൽ ആസിയാൻ കരാർ പ്രകാരം 2012 - 13 ൽ ശുദ്ധികരിച്ച പാം ഓയിലിന് 78% വും ക്രൂഡ് പാം ഓയിലിന് 68 % വും ചുങ്കം ചുമത്താവുന്നതാണ്. അതിനാൽ ആസിയാൻ കരാർ മൂലമാണ് ഇറക്കുമതി വർദ്ധിച്ചതെന്ന് പറയാൻ സാധിക്കില്ല. |
| (സി) വെളിച്ചെണ്ണ കയറ്റുമതി കൊച്ചിയിൽ നിന്നുമാത്രം പരിമിതപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണ്; അന്വേഷിച്ചിട്ടുണ്ടോ; | (സി) 2012 ആഗസ്റ്റ് 1 ലെ ഡി ജി എഫ് റ്റി ഉത്തരവ് പ്രകാരം വെളിച്ചെണ്ണ കയറ്റുമതി പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. രാജ്യത്ത് നിലവിൽ ഭക്ഷ്യഎണ്ണയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാലാണ് കയറ്റുമതി നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) പാമോയിൽ ഇറക്കുമതി നിർത്തിവയ്ക്കാൻ സംസ്ഥാനം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ വ്യക്തമാക്കുമോ? | (ഡി) പാം ഓയിൽ ഇറക്കുമതിയുടെ ചുങ്കം കൂട്ടി നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താവുന്നതാണ്. ഒപ്പം വെളിച്ചെണ്ണ കയറ്റുമതിയിന്മേലുള്ള നിയന്ത്രണം ഒഴിവാക്കികിട്ടുന്നതിനും പരിശ്രമിക്കാവുന്നതാണ്. |

അണ്ടർ സെക്രട്ടറി